LIBRARY ARCHIVES Kerala Legislative Assembly

## പട്ടികജാതി കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ

149 [1128] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളനികളിൽ സാംസ്കാരിക പ്രവർത്തനത്തിനുവേണ്ടി പട്ടികജാതി വികസന വകുപ്പ് കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കാറുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) കൂന്ദമംഗലം നിയോജകമണ്ഡലത്തിലെ കാരന്തൂർ, കല്ലറ പട്ടികജാതി കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്മേൽ കൈക്കൊണ്ട നടപടി വിശദമാക്കാമോ;

(ഇ) ഇവിടെ പ്രസ്തുത ഹാൾ എന്ന് നിർമ്മിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ് കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കാറില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി, ഡി ആന്റ് ഇ) കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിന് തയ്യാറാക്കിയ ഒരു പ്രോജക്ട് 2002-ൽ കണ്ണൂരിൽ വച്ച് കൂടിയ ഡയറക്ടറുടെ യോഗത്തിൽ കോഴിക്കോട് ജില്ലാ പട്ടികജാതി വികസന ഓഫീസർ സമർപ്പിച്ചെങ്കിലും അത് പരിഗണനയ്ക്ക് എടുത്തിട്ടില്ല. ഇപ്പോൾ കമ്മ്യൂണിറ്റി ഹാളുകളുടെ നിർമ്മാണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് നടത്തുന്നത് ആകയാൽ എന്ന് കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുക പ്രയാസമാണ്.

## അവിവാഹിത അമ്മമാരായ ആദിവാസികൾക്ക് സംരക്ഷണം

150 [1129] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി കുടുംബങ്ങളിലെ അവിവാഹിതരായിരിക്കേ അമ്മമാരായ ആദിവാസി പെൺകുട്ടികൾക്ക് സംരക്ഷണത്തിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) ഇങ്ങനെ ജനിക്കുന്ന കുട്ടികളുടെ സംരക്ഷണത്തിനായി പ്രത്യേക നിധി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇവരെ പുനരധിവസിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

മിശ്രവിവാഹിതർക്ക് ധനസഹായം

151 [1130] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമ വകുപ്പിൽ നിന്നും മിശ്രവിവാഹിതർക്ക് ധനസഹായം നൽകാറുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണ്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പാലക്കാട് ജില്ലയിൽ ആകെ എത്ര പേർ പ്രസ്തുത ധനസഹായത്തിന് അപേക്ഷ നൽകി എന്നും അതിൽ എത്ര പേർക്ക് ആനുകൂല്യം ലഭിച്ചു എന്നും നിയോജകമണ്ഡലം തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ഡി) പാലക്കാട് ജില്ലയിൽ നിലവിൽ ഇത്തരത്തിലുള്ള അപേക്ഷകൾ പരിഗണിക്കാൻ ബാക്കിയുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. പട്ടികജാതി വിഭാഗത്തിലോ പട്ടികവർഗ്ഗ വിഭാഗത്തിലോ ഉൾപ്പെടുന്ന മിശ്രവിവാഹിതർക്ക് 10,000 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു.

(ബി) മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. ദമ്പതികളിൽ ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ഉൾപ്പെടുന്നതായിരിക്കണം.

2. ദമ്പതികളുടെ വാർഷിക വരുമാനം 12,000 രൂപയിൽ കൂടുതൽ ആകാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly